## നഗര ഗ്രാമാസൂത്രണ വകുപ്പ്
## ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, വയനാട്
## നടപടിക്രമങ്ങൾ

വിഷയം:- ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, വയനാട്- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണം ക്രമവൽക്കരിക്കൽ) ചട്ടങ്ങൾ 2018 അനുസരിച്ച് കോട്ടത്തറ ഗ്രാമപഞ്ചായത്ത്, കോട്ടത്തറ വില്ലേജിൽ റീ സർവ്വെ നമ്പർ 214/3 ൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള വ്യവസായ കെട്ടിടം ക്രമവൽക്കരിക്കുന്നതിന് കോട്ടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-
1. 15.02.2018 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം 12/2018/തസ്വഭവ.
2. ശ്രീ.അബൂട്ടി എന്നയാളുടെ 11.10.2019 തീയതിയിലെ അപേക്ഷ.
3. കോട്ടത്തറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.10.19 ലെ എ 4-5456/19 നമ്പർ കത്തും ഉള്ളടക്കങ്ങളും.
4. ക്രമവൽക്കരണ അപേക്ഷ പരിഗണിക്കുന്നതിനായി ചട്ടം 6(9) പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ 27.11.19 തീയതിയിലെ തീരുമാനം.

### ഉത്തരവ് നമ്പർ TCPWYD/846/2019-C തീയതി : 18/12/2019

വയനാട് ജില്ല- കോട്ടത്തറ ഗ്രാമപഞ്ചായത്ത്, കോട്ടത്തറ വില്ലേജിൽ റീ സർവ്വെ നമ്പർ 214/3 ൽപ്പെട്ട 0.0810 ഹെക്ടർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന വ്യവസായ കെട്ടിടത്തോട് (വാട്ടർ സർവ്വീസ് സ്റ്റേഷൻ) കൂട്ടിച്ചേർത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗം ക്രമവൽക്കരിക്കുന്നതിനായി പരാമർശം (2) പ്രകാരം ശ്രീ.അബൂട്ടി, മുളപറമ്പത്ത് (ഹൌസ്), പറളിക്കുന്ന്.പി.ഒ എന്നയാൾ സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷ പരാമർശം (3) പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്രമവൽക്കരണത്തിനായി ഫാറം 1 ബിയിൽ ശുപാർശ രേഖപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയും ഫാറം 1 എ, ഫാറം 1 ബി എന്നിവയും പരിശോധിച്ച് അപേക്ഷ അനുവദനീയമെന്ന് കണ്ട് ഫാറം 1 സി-യിൽ സാങ്കേതിക ശുപാർശ രേഖപ്പെടുത്തി വയനാട് ജില്ലാ ടൌൺ പ്ലാനർ അപേക്ഷയും ഉള്ളടക്കങ്ങളും സൂചന (1) ഉത്തരവിലെ ചട്ടം 6(9) പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ തല കമ്മിറ്റിയുടെ 27.11.19 തിയതിയിൽ ചേർന്ന യോഗത്തിൽ സമർപ്പിക്കുകയും സൂചന (4) പ്രകാരം നിബന്ധനകൾക്ക് വിധേയമായി നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് കോട്ടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകുന്നതിന് തീരുമാനിക്കുകയും തുടർ നടപടികൾക്കായി ജില്ലാ ടൌൺ പ്ലാനറെ ചുമതലപ്പെടുത്തിയിട്ടുണ്ട് . പ്രസ്തുത സാഹചര്യത്തിൽ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരിക്കൽ) നിയമങ്ങൾ 2018 ലെ ചട്ടം 6(10) പ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് കോട്ടത്തറ ഗ്രാമപഞ്ചായത്ത്, കോട്ടത്തറ വില്ലേജിൽ റീ സർവ്വെ നമ്പർ 214/3 ൽപ്പെട്ട 0.0810 ഹെക്ടർ സ്ഥലത്ത് നിലവിലുണ്ടായിരുന്ന വ്യവസായ കെട്ടിടത്തോട് (വാട്ടർ സർവ്വീസ് സ്റ്റേഷൻ) കൂട്ടിച്ചേർത്ത് അനധികൃതമായി നിർമ്മിച്ചിട്ടുള്ള വ്യവസായ കെട്ടിടം ആകെ 254.24 ച.മീ ഫ്ലോർ ഏരിയ ക്രമവൽക്കരിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്ന മുറയ്ക്ക് കോമ്പൌണ്ടിംഗ് ഫീസായി 13,852 രൂപ (പതിമൂവായിരത്തി എണ്ണൂറ്റി അമ്പത്തി രണ്ട് രൂപ മാത്രം) ഈടാക്കി ക്രമവൽക്കരിക്കുന്നതിന് കോട്ടത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

### നിബന്ധനകൾ

1. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ള മറ്റ് അളവുകൾ എന്നിവയുടെ കൃത്യതയും നിർമാണാവകാശവും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ .

2. നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കൽ) നിയമങ്ങൾ 2018 ലെ Appendix II പ്രകാരമുള്ള സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കണം.
3. കെട്ടിടത്തിന്റെപ്പുറക് വശത്തെ താൽക്കാലിക ഷെഡ് പൊളിച്ചു മാറ്റേണ്ടതാണ്.
4. നിർമ്മാണത്തിന് അഗ്നിസുരക്ഷാ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.
5. നിർമ്മാണം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങളിലെ (2008) വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
6. നിർമ്മാണത്തോട് അനുബന്ധിച്ച് മഴവെള്ള സംഭരണി ഭൂഗർഭ ജല പരിപോഷണ സംവിധാനം എന്നിവ സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
7. തൊട്ടടുത്ത നീർച്ചാലിലുള്ള വെള്ളം മലിനമാവാത്ത വിധം നിർമ്മാണ സ്ഥലത്ത് തന്നെ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
8. ക്രമവൽക്കരണത്തിന് ശേഷം പ്രസ്തുത കെട്ടിടത്തിൽ തുടർ നിർമ്മാണങ്ങൾ അനുവദനീയമല്ല.
9. നിർമ്മാണത്തോട് അനുബന്ധിച്ച നിയമാനുസൃതം ആവശ്യമായ മറ്റ് എല്ലാ അനുമതികളും, സമ്മതപത്രങ്ങളും ലഭ്യമാക്കിയിരിക്കേണ്ടതാണ്.
10. നിർമ്മാണത്തിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,അഗ്നിസുരക്ഷാ വകുപ്പ് എന്നിവരിൽ നിന്നുള്ള അനുമതി പത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.
11. സ്ട്രക്ച്ചറലി സ്റ്റേബിൾ ആണെന്നുള്ള സർട്ടിഫിക്കറ്റ് ലൈസൻസിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

മേൽ നിബന്ധനകൾ അപേക്ഷകൻ ഈ ഉത്തരവ് ലഭിച്ച് 60 ദിവസത്തിനകം പ്രാവർത്തികമാക്കി സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. കോമ്പൌണ്ടിംഗ് ഫീസായ 13,852/- (പതിമൂവായിരത്തി എണ്ണൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) രൂപയിൽ 50% വരുന്ന തുകയായ 6,926/-രൂപ (ആറായിരത്തി തൊള്ളായിരത്തി ഇരുപത്തി ആറ് രൂപ മാത്രം) സംസ്ഥാന സർക്കാർ ട്രഷറിയിൽ "0515 other Development Programme-800-other receipts-92-compounding fee for regularization of Unauthorized Construction violating provisions of Building rules" എന്ന ഹെഡ് ഓഫ് അക്കൌണ്ടിലും അവശേഷിക്കുന്ന 50% തുകയായ 6,926/- രൂപ (ആറായിരത്തി തൊള്ളായിരത്തി ഇരുപത്തി ആറ് രൂപ മാത്രം) കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസ് കൌണ്ടറിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അറിയിപ്പ് ലഭിച്ച് 30 ദിവസത്തിനകം ഒടുക്കി സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. തുടർന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (അനധികൃത നിർമ്മാണം ക്രമവൽക്കരിക്കൽ) നിയമങ്ങൾ 2018 ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി സെക്രട്ടറി Appendix VII പ്രകാരമുള്ള അന്തിമ ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതും ആയത് അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

RAMACHANDRAN A
(കൺവീനർ ജില്ലാതല കമ്മിറ്റി &
ജില്ലാ ടൌൺ പ്ലാനർ, വയനാട്)

സെക്രട്ടറി, കോട്ടത്തറ ഗ്രാമപഞ്ചായത്ത് (അംഗീകൃത പ്ലാനുകൾ പകർപ്പ് സഹിതം) (30/12/19 dispatched)

പകർപ്പ്: 1) ശ്രീ.അബൂട്ടി, മുളപറമ്പത്ത് (ഹൌസ്), പറളിക്കുന്ന്.പി.ഒ (20/12/19)
2) അധികം

DESPATCHED 20/12/19